പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1187 12.07.2016-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി, /കെ.യു.ആർ.ടി.സി</u>

| ചോദ്യം<br>ശ്രീ. പി.കെ. ശശി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.യ്ക്കും കെ.യു.ആർ.ടി.സി.യ്ക്കും എത്ര ബസ്സുകൾ വീതമുണ്ടായിരുന്നുവെന്നും എത്ര ചേസ്സിസ്സുകൾ ബോഡി നിർമ്മാണത്തിനായി ഓരോ വിഭാഗത്തിനും അവശേഷിച്ചിരുന്നുവെന്നും വിശദമാക്കുമോ; | (എ) | കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.യ്ക്ക് 5725 ബസുകളും കെ.യു.ആർ.ടി.സി.യ്ക്ക് 212 ബസുകളും ഉണ്ടായിരുന്നു. എൽ.ഡി.എഫ് സർക്കാർ അധികാരമൊഴിയുമ്പോൾ വാങ്ങിയ ഷാസികളിൽ 30 എണ്ണം ബോഡി നിർമ്മാണത്തിനായി അവശേഷിച്ചിട്ടുണ്ടായിരുന്നു. ജൻറം ഒന്നാം ഘട്ടം പദ്ധതി പ്രകാരം ലഭിക്കേണ്ട 320 ബസുകളിൽ 108 എണ്ണം ലഭിക്കാനുണ്ടായിരുന്നു. |
| (ബി) | 2016 ൽ യു.ഡി.എഫ്. അധികാരമൊഴിയുമ്പോൾ ഇവ എത്ര ആയിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | 2016ൽ യു.ഡി.എഫ്. അധികാരമെഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ 5759 ബസുകളും കെ.യു.ആർ.ടി.സിയുടെ കീഴിൽ 603 ബസുകളും ഉണ്ടായിരുന്നു. 2016 ൽ യു.ഡി.എഫ് അധികാരമൊഴിയുമ്പോൾ വാങ്ങിയ ഷാസികളിൽ 561 എണ്ണം ബോഡി നിർമ്മാണത്തിനായി അവശേഷിച്ചിട്ടുണ്ടായിരുന്നു. ജൻറം രണ്ടാം ഘട്ട പദ്ധതി പ്രകാരം കെ.യു.ആർ.ടി.സിയ്ക്ക് ലഭിക്കേണ്ട 400 ബസുകളിൽ 117 എണ്ണം ലഭിക്കാനുണ്ടായിരുന്നു. |
| (സി) | 2011-ൽ കെ.എസ്.ആർ.ടി.സി. യുടെ കടം എത്രയായിരുന്നെന്നും 2016 ൽ യു.ഡി.എഫ് അധികാരമൊഴിയുമ്പോൾ കടം എത്രയായിരുന്നെന്നും യു.ഡി.എഫ് സർക്കാർ കാലയളവിൽ കെ.എസ്.ആർ.ടി.സി എത്ര തുക എവിടുന്നെല്ലാം കടം വാങ്ങി | (സി) | 2011-ലെ വാർഷിക കണക്ക് അനുസരിച്ച് കെ.എസ്.ആർ.റ്റി.സി.യുടെ കടം 1245.93 കോടി രൂപ ആകുന്നു.<br>യു.ഡി.എഫ് സർക്കാർ കാലയളവിൽ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും 12.90% മുതൽ 16.25% വരെയുള്ള വിവിധ പലിശ നിരക്കുകളിൽ 2619.50 കോടി |

| | | | |
|---|---|---|---|
| | യെന്നും പലിശ എത്ര ശതമാനമെന്നും വിശദമാക്കുമോ; | | രൂപയും, ഹഡ്കോയിൽ നിന്നും 10.75% പാലക്കാട്, എറണാകുളം ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും 12% പലിശ നിരക്കിൽ യഥാക്രമം 243 കോടി, 141 കോടി രൂപയും, കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും 12.5% പലിശ നിരക്കിൽ 50 കോടി രൂപയും, വിവിധ ബാങ്കുകളുടെ കൺസോർഷ്യം മുഖേന കുറഞ്ഞ പലിശ നിരക്കിൽ (12%ൽ താഴെ) 1300 കോടി രൂപയും SBT-ൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ (12%ൽ താഴെ) 140 കോടി രൂപയും വായ്പയായി കടം വാങ്ങിയിട്ടുണ്ട്. ടി വായ്പയിൽ 3084.88 കോടി രൂപ 2011-16 കാലയളവിൽ തിരികെ അടയ്ക്കുകയും, പലിശ പൂർണ്ണമായും കൊടുത്ത് തീർക്കുകയും ചെയ്തതിന് ശേഷം, 31.03.2016-ൽ വിവിധ ധനകാര്യ സ്ഥാപനങ്ങൾക്കായി 2596.24 കോടി രൂപ ഇനിയും കൊടുത്ത് തീർക്കാനുണ്ട്. |
| (ഡി) | കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി. യുടെ ടിക്കറ്റ് നിരക്ക് എത്രയായിരുന്നെന്നും യു.ഡി.എഫ്. സർക്കാർ 2016-ൽ അധികാരമൊഴിയുമ്പോൾ ഇവയുടെ ടിക്കറ്റ് നിരക്ക് എത്രയായിരുന്നെന്നും എത്ര പ്രാവശ്യമായി എത്ര ശതമാനം വർദ്ധനവ് ഓരോ വിഭാഗത്തിനും ഉണ്ടായി എന്നും വിശദാംശം ലഭ്യമാക്കുമോ; | (ഡി) | 2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുമ്പോഴുള്ള KSRTC/KURTC ടിക്കറ്റ് നിരക്കുകൾ അനുബന്ധം_1 ആയും 2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുമ്പോഴുള്ള ടിക്കറ്റ് നിരക്കുകൾ അനുബന്ധം_2 ആയും, ഇതിനിടെ മൂന്നു പ്രാവശ്യം വരുത്തിയ വർദ്ധനവിന്റെ വിവരങ്ങൾ അനുബന്ധം_3 ആയും ചേർത്തിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്ത് ഏതു സർക്കാരാണ് ടിക്കറ്റ് നിരക്കിൽ സെസ്സ് നടപ്പിലാക്കിയത് എന്നും ഇതുവഴി യു.ഡി.എഫ്. സർക്കാരിന് എത്ര | (ഇ) | 01.04.2015 മുതൽ യു.ഡി.എഫ് സർക്കാരാണ് ടിക്കറ്റ് നിരക്കിൽ സെസ്സ് നടപ്പിലാക്കിയത്. ഇതിലൂടെ 31.05.2016 - വരെ 89,68,27,758 രൂപ (എൺപത്തി ഒൻപത് |

| | | | |
|---|---|---|---|
| | തുക ലഭിച്ചു എന്നും അതിൽ എത്ര തുക എന്തിനെല്ലാമായി ഉപയോഗിച്ചു എന്നും വ്യക്തമാക്കുമോ; | | കോടി അറുപത്തി എട്ട് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എഴുന്നൂറ്റി അൻപത്തിയെട്ട് രൂപ) യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സിയ്ക്ക് ലഭിച്ചു. ഈ തുകയിൽ നിന്നും കെ.എസ്.ആർ.ടി.സി ബസ്സിൽ ടിക്കറ്റെടുത്ത് യാത്ര ചെയ്യുമ്പോൾ അപകടത്തിൽപ്പെടുന്ന യാത്രക്കാർക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ (പരാമാവധി പത്ത് ലക്ഷം രൂപ) നൽകുകയും, ഡിപ്പോകളിൽ യാത്രക്കാർക്കുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഉപയോഗിക്കുകയും ബാക്കി വന്ന തുക കെ.എസ്.ആർ.ടി.സി.യിൽ നിന്ന് റിട്ടയർ ചെയ്തവർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിന് വിനിയോഗിക്കുകയും ചെയ്തു. അപകടത്തിൽ പെട്ട യാത്രക്കാർക്ക് ഇൻഷ്വറൻസ് ഇനത്തിൽ 3,29,719/- രൂപ നൽകുകയും കെ.എസ്.ആർ.ടി.സി ചിലവഴിച്ച തുകയിൽ 1,25,696/- രൂപ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | കഴിഞ്ഞ യു.ഡി.എഫ് ഭരണ കാലത്ത് ഏതെല്ലാം മാസം കൃത്യമായി പെൻഷൻ നൽകി എന്നും, എത്ര പേർ പെൻഷൻ ലഭിക്കാത്ത സാമ്പത്തിക ബാധ്യത മൂലം ആത്മഹത്യ ചെയ്തു എന്നും, അധികാര മൊഴിയുമ്പോൾ എത്ര കാലത്തെ പെൻഷൻ കുടി ശ്ശിക ഉണ്ടായിരുന്നു എന്നും വ്യക്തമാക്കുമോ? | (എഫ്) | യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2011 ജൂൺ മുതൽ 2013 ജനുവരി വരെയും 2013 മെയ് മുതൽ 2013 നവംബർ വരെയും 2015 ജൂൺ മുതൽ 2016 മെയ് വരെയും പെൻഷൻ പൂർണ്ണമായും കൃത്യമായും നൽകിയിരുന്നു. പെൻഷൻ ലഭിക്കാതെ സാമ്പത്തിക ബാദ്ധ്യത മൂലം ആത്മഹത്യ ചെയ്തവരുടെ വിവരം കെ.എസ്.ആർ.ടി. സി.യിൽ ലഭ്യമല്ല. യു.ഡി.എഫ് സർക്കാർ അധികാരം ഒഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ കുടിശ്ശിക ഇല്ലായിരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം_1**

**2011-ൽ എൽ.ഡി.എഫ് സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി സർവ്വീസുകളുടെ ടിക്കറ്റ് നിരക്ക്.**

| സർവ്വീസുകളുടെ തരം | പൈസ കി.മീ നിരക്കിൽ | മിനിമം തുക |
|---|---|---|
| സിറ്റി, ഓർഡിനറി സർവ്വീസ് | 55 | 4 |
| സിറ്റി ഫാസ്റ്റ് | 57 | 5 |
| സൂപ്പർ ഫാസ്റ്റ് | 60 | 10 |
| സൂപ്പർ എക്സ് പ്രസ് | 65 | 15 |
| സൂപ്പർ ഡീലക്സ് | 75 | 20 |
| ലക്ഷ്വറി ഹൈടെക് എ.സി | 90 | 30 |
| വോൾവോ | 110 | 30 |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

**അനുബന്ധം_2**

യു.ഡി.എഫ് സർക്കാർ അധികാരമൊഴിയുമ്പോൾ
കെ.എസ്.ആർ.ടി.സി സർവ്വീസുകളുടെ ടിക്കറ്റ് നിരക്ക്.

| സർവ്വീസുകളുടെ തരം | പൈസ കി.മീ നിരക്കിൽ | മിനിമം തുക |
|---|---|---|
| സിറ്റി, ഓർഡിനറി സർവ്വീസ് | 64 | 7 |
| സിറ്റി ഫാസ്റ്റ് | 68 | 7 |
| ഫാസ്റ്റ് പാസഞ്ചർ, ലിമി. ഫാസ്റ്റ് പാസഞ്ചർ | 68 | 10 |
| സൂപ്പർ ഫാസ്റ്റ് | 72 | 13 |
| സൂപ്പർ എക്സ്പ്രസ് | 77 | 20 |
| സൂപ്പർ ഡീലക്സ് | 90 | 28 |
| ലക്ഷ്വറി ഹൈടെക് എ.സി | 110 | 40 |
| വോൾവോ | 130 | 40 |

സെക്ഷൻ ഓഫീസർ

അനുബന്ധം_3

2011-ൽ യു.ഡി.എഫ് സർക്കാർ അധികാരത്തിലേറി 2016-ൽ അധികാരമൊഴിയുന്ന കാലയളവുവരെ 3 തവണ ടിക്കറ്റ് നിരക്ക് വർദ്ധനവ് ഉണ്ടായിട്ടുണ്ട്.
(08.08.2011, 11.11.2012, 20.05.2014 തീയതികളിൽ)

| സർവ്വീസിന്റെ തരം | 08.08.2011 | 11.11.2012 | 20.05.2014 |
|---|---|---|---|
| സിറ്റി, ഓർഡിനറി | 25% | 20 % | 16.66 % |
| സിറ്റി ഫാസ്റ്റ് | നിരക്കിൽ വർദ്ധനവ് ഇല്ലാത്തതിനാൽ ശതമാന വർദ്ധനവ് ഇല്ല | 20% | 16.66 % |
| ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ | 40% | 14.28% | 25 % |
| സൂപ്പർ ഫാസ്റ്റ് | നിരക്കിൽ വർദ്ധനവ് ഇല്ലാത്തതിനാൽ ശതമാന വർദ്ധനവ് ഇല്ല | 20% | 8.33 % |
| സൂപ്പർ എക്സ്പ്രസ് | | 13.33% | 17.64 % |
| സൂപ്പർ ഡീലക്സ് | | 25% | 12 % |
| ലക്ഷ്വറി / ഹൈടെക്ക് | | 16.66% | 14.28 % |
| വോൾവോ | | 16.66% | 14.28 % |

സെക്ഷൻ ഓഫീസർ